# മറ്റൊരു ധൂർത്തപുത്രൻ

പഴയനിയമത്തിലും ഉണ്ട് ഒരു ധൂർത്തപുത്രൻ. ദാവീദ് രാജാവിന്റെ മകനായ അബ്ശാലോം അപ്പനെതിരായി കൂട്ടുകെട്ട് ഉണ്ടാക്കുകയും അപ്പനെ വധിക്കാൻ സൈന്യത്തെ നിയോഗിക്കുകയും ചെയ്ത ഒരു മുടിയൻ പുത്രനായിരുന്നു. തിരുവചനം പറയുന്നത്: "എല്ലാ യിസ്രായേലിലും സൗന്ദര്യംകൊണ്ട് അബ്ശാലോമിനോളം ശ്ലാഘ്യനായ ഒരുത്തനും ഉണ്ടായിരുന്നില്ല. അടിതൊട്ട് മുടിവരെ അവന് ഒരു ഊനവും ഇല്ലായിരുന്നു. അവൻ തന്റെ തലമുടി ആണ്ടുതോറും കത്രിപ്പിച്ചു കളയും; അത് തനിക്ക് ഭാരമായിരിക്കയാൽ അത്രേ കത്രിപ്പിച്ചത്." 2 ശമുവേൽ 14: 25, 26.00 സൗന്ദര്യത്തിന്റെ മികവാർന്ന ഒരു നിദർശനം ആയിരുന്നു അവന്റെ തലമുടി. എന്നാൽ ആ തലമുടി തന്നെ അവന്റെ നാശത്തിന് മുഖാന്തരമായി. അബ്ശാലോം ഒരു ക്രൂരഹൃദയനായിരുന്നു. തന്റെ സഹോദരിയായ താമാരിനെ സഹോദരനായ അമ്നോൻ അപമാനിച്ചതുകൊണ്ട് അവന്റെ ഹൃദയത്തിൽ പകയും വിദ്വേഷവും കുമിഞ്ഞുകൂടി. വളരെ തന്ത്രപൂർവ്വം അമ്നോനെയും മറ്റു രാജകുമാരന്മാരേയും ഒരു വിരുന്നിന് ക്ഷണിച്ചു. എല്ലാവരും കൂടെ ആഹ്ളാദിച്ചിരുപ്പോൾ അബ്ശാലോം അമ്നോനെ അടിച്ചുകൊല്ലുവാൻ തന്റെ വേലക്കാരോട് കല്പിച്ചു. ഈ ഭീകരകൃത്യം ചെയ്തതിനുശേഷം അബ്ശാലോം സ്വന്തം പിതാവായ ദാവീദ് രാജാവിനെ വിട്ട് ദൂരെ ഗെശൂരിലേക്ക് ഓടിപ്പോയി മൂന്ന് വർഷം അവിടെ താമസിച്ചു. സ്വന്തം പിതാവിന് എതിരായി മത്സരിപ്പാൻ അബ്ശാലോം ദൃഢനിശ്ചയം ചെയ്തു. അപ്പനെ വധിച്ച് രാജസിംഹാസനത്തിൽ ഇരിക്കാൻ അവൻ പരിപാടിയിട്ടു. രാജാവിന് മകനെ പേടിച്ച് കൊട്ടാരം വിട്ട് ഓടിപ്പോകേണ്ടി വന്നു. അബ്ശാലോമിന്റെ കൂടെ അവന്റെ കുതന്ത്രത്തിനും കുബുദ്ധിക്കും കൂട്ടുകൂടുവാൻ സൈന്യത്തിലെ ബഹുഭൂരിപക്ഷം പേരും തയ്യാറായി. ദേശത്തിന്റെ നാനാഭാഗങ്ങളിൽ സഞ്ചരിച്ച് ദാവീദ് എവിടെയാണ് ഒളിച്ചിരിക്കുതെന്ന് അറിയാൻ ശ്രമിച്ചു. അങ്ങനെ ഒരു ഭീകരമായ പട്ടാളവിപ്ലവം പൊട്ടി പുറപ്പെട്ടു. ദാവീദിന്റെ കൂടെ സൈന്യാധിപനായ യോവാബും കുറെ പടയാളികളും ഉണ്ടായിരുന്നു. അബ്ശാലോമിന്റെ കിങ്കരന്മാരും ദാവീദിന്റെ സേവകരും തമ്മിൽ ഭയങ്കരമായ യുദ്ധം പൊട്ടിപ്പുറപ്പെട്ടു. അബ്ശാലോം യുദ്ധത്തിൽ തോറ്റ് കോവർ കഴുതപ്പുറത്ത് ഓടിച്ചു പോകുമ്പോൾ ഒരു വലിയ കരുവേലകത്തിന്റെ കീഴെ എത്തി. അബ്ശാലോമിന്റെ തലമുടി കരുവേലകത്തിൽ പിടിപെട്ടിട്ട് അവൻ ആകാശത്തിനും ഭൂമിക്കും മദ്ധ്യേ തൂങ്ങി, കോവർ കഴുത അവന്റെ കീഴെനിന്ന് ഓടിപ്പോയി. യോവാബ് ഇതറിഞ്ഞ് മൂന്ന് കുന്തം കൈയിലെടുത്ത് അബ്ശാലോം കരിവേലകത്തിൻ കീഴിൽ തൂങ്ങിക്കിടക്കുമ്പോൾ തന്നെ അവന്റെ നെഞ്ചിലേക്ക് ആ കുന്തങ്ങൾ കുത്തിക്കടത്തി. യോവാബിന്റെ കൂടെ ഉണ്ടായിരുന്ന പത്ത് പടയാളികൾ അബ്ശാലോമിനെ അടിച്ചു കൊന്നു. വേദപുസ്തകത്തിൽ വ്യക്തമായ പ്രമാണം ഉണ്ട്. "നിനക്ക് നന്മ ഉണ്ടാകുവാനും നീ ഭൂമിയിൽ ദീർഘായുസ്സോടെ ഇരിപ്പാനും നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക എന്നത് വാഗ്ദത്തത്തോടുകൂടിയ ആദ്യ കല്പന ആകുന്നു" എഫെസ്യർ 6 : 1, പുറപ്പാട് 20 : 12 "നിങ്ങൾ ഓരോരുത്തൻ താന്താന്റെ അമ്മയെയും അപ്പനെയും ഭയപ്പെടേണം." ലേവ്യപുസ്തകം 19 – 2 ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോൻ സദൃശവാക്യങ്ങളിൽ എഴുതിയിരിക്കുന്നു. "അപ്പനെ ശപിക്കയും അമ്മയെ അനുഗ്രഹിക്കാതിരിക്കയും ചെയ്യുന്നോരു തലമുറ! തങ്ങൾക്ക് തന്നേ നിർമ്മലരായിത്തോന്നവരും അശുദ്ധി കഴുകിക്കളയാത്തവരുമായോരു തലമുറ! അയ്യോ ഈ തലമുറയുടെ കണ്ണുകൾ എത്ര ഉയർന്നിരിക്കുന്നു." സദൃശവാക്യങ്ങൾ 30 : 11-13

പഴയനിയമത്തിലും ഉണ്ട് ഒരു ധൂർത്തപുത്രൻ. ദാവീദ് രാജാവിന്റെ മകനായ അബ്ശാലോം അപ്പനെതിരായി കൂട്ടുകെട്ട് ഉണ്ടാക്കുകയും അപ്പനെ വധിക്കാൻ സൈന്യത്തെ നിയോഗിക്കുകയും ചെയ്ത ഒരു മുടിയൻ പുത്രനായിരുന്നു. തിരുവചനം പറയുന്നത്: "എല്ലാ യിസ്രായേലിലും സൗന്ദര്യംകൊണ്ട് അബ്ശാലോമിനോളം ശ്ലാഘ്യനായ ഒരുത്തനും ഉണ്ടായിരുന്നില്ല. അടിതൊട്ട് മുടിവരെ അവന് ഒരു ഊനവും ഇല്ലായിരുന്നു. അവൻ തന്റെ തലമുടി ആണ്ടുതോറും കത്രിപ്പിച്ചു കളയും; അത് തനിക്ക് ഭാരമായിരിക്കയാൽ അത്രേ കത്രിപ്പിച്ചത്." 2 ശമുവേൽ 14: 25, 26.00 സൗന്ദര്യത്തിന്റെ മികവാർന്ന ഒരു നിദർശനം ആയിരുന്നു അവന്റെ തലമുടി. എന്നാൽ ആ തലമുടി തന്നെ അവന്റെ നാശത്തിന് മുഖാന്തരമായി. അബ്ശാലോം ഒരു ക്രൂരഹൃദയനായിരുന്നു. തന്റെ

സഹോദരിയായ താമാരിനെ സഹോദരനായ അമ്നോൻ അപമാനിച്ചതുകൊണ്ട് അവന്റെ ഹൃദയത്തിൽ പകയും വിദ്വേഷവും കുമിഞ്ഞുകൂടി. വളരെ തന്ത്രപൂർവ്വം അമ്നോനെയും മറ്റു രാജകുമാരന്മാരേയും ഒരു വിരുന്നിന് ക്ഷണിച്ചു. എല്ലാവരും കൂടെ ആഹ്ളാദിച്ചിരുപ്പോൾ അബ്ശാലോം അമ്നോനെ അടിച്ചുകൊല്ലുവാൻ തന്റെ വേലക്കാരോട് കല്പിച്ചു. ഈ ഭീകരകൃത്യം ചെയ്തതിനുശേഷം അബ്ശാലോം സ്വന്തം പിതാവായ ദാവീദ് രാജാവിനെ വിട്ട് ദൂരെ ഗെശൂരിലേക്ക് ഓടിപ്പോയി മൂന്ന് വർഷം അവിടെ താമസിച്ചു. സ്വന്തം പിതാവിന് എതിരായി മത്സരിപ്പാൻ അബ്ശാലോം ദൃഢനിശ്ചയം ചെയ്തു. അപ്പനെ വധിച്ച് രാജസിംഹാസനത്തിൽ ഇരിക്കാൻ അവൻ പരിപാടിയിട്ടു. രാജാവിന് മകനെ പേടിച്ച് കൊട്ടാരം വിട്ട് ഓടിപ്പോകേണ്ടി വന്നു. അബ്ശാലോമിന്റെ കൂടെ അവന്റെ കുതന്ത്രത്തിനും കുബുദ്ധിക്കും കൂട്ടുകൂടുവാൻ സൈന്യത്തിലെ ബഹുഭൂരിപക്ഷം പേരും തയ്യാറായി. ദേശത്തിന്റെ നാനാഭാഗങ്ങളിൽ സഞ്ചരിച്ച് ദാവീദ് എവിടെയാണ് ഒളിച്ചിരിക്കുതെന്ന് അറിയാൻ ശ്രമിച്ചു. അങ്ങനെ ഒരു ഭീകരമായ പട്ടാളവിപ്ലവം പൊട്ടി പുറപ്പെട്ടു. ദാവീദിന്റെ കൂടെ സൈന്യാധിപനായ യോവാബും കുറെ പടയാളികളും ഉണ്ടായിരുന്നു. അബ്ശാലോമിന്റെ കിങ്കരന്മാരും ദാവീദിന്റെ സേവകരും തമ്മിൽ ഭയങ്കരമായ യുദ്ധം പൊട്ടിപ്പുറപ്പെട്ടു. അബ്ശാലോം യുദ്ധത്തിൽ തോറ്റ് കോവർ കഴുതപ്പുറത്ത് ഓടിച്ചു പോകുമ്പോൾ ഒരു വലിയ കരുവേലകത്തിന്റെ കീഴെ എത്തി. അബ്ശാലോമിന്റെ തലമുടി കരുവേലകത്തിൽ പിടിപെട്ടിട്ട് അവൻ ആകാശത്തിനും ഭൂമിക്കും മദ്ധ്യേ തൂങ്ങി, കോവർ കഴുത അവന്റെ കീഴെനിന്ന് ഓടിപ്പോയി. യോവാബ് ഇതറിഞ്ഞ് മൂന്ന് കുന്തം കൈയിലെടുത്ത് അബ്ശാലോം കരിവേലകത്തിൻ കീഴിൽ തൂങ്ങിക്കിടക്കുമ്പോൾ തന്നെ അവന്റെ നെഞ്ചിലേക്ക് ആ കുന്തങ്ങൾ കുത്തിക്കടത്തി. യോവാബിന്റെ കൂടെ ഉണ്ടായിരുന്ന പത്ത് പടയാളികൾ അബ്ശാലോമിനെ അടിച്ചു കൊന്നു. വേദപുസ്തകത്തിൽ വ്യക്തമായ പ്രമാണം ഉണ്ട്. "നിനക്ക് നന്മ ഉണ്ടാകുവാനും നീ ഭൂമിയിൽ ദീർഘായുസ്സോടെ ഇരിപ്പാനും നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക എന്നത് വാഗ്ദത്തത്തോടുകൂടിയ ആദ്യ കല്പന ആകുന്നു" എഫെസ്യർ 6 : 1, പുറപ്പാട് 20 : 12 "നിങ്ങൾ ഓരോരുത്തൻ താന്താന്റെ അമ്മയെയും അപ്പനെയും ഭയപ്പെടേണം." ലേവ്യപുസ്തകം 19 – 2 ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോൻ സദൃശവാക്യങ്ങളിൽ എഴുതിയിരിക്കുന്നു. "അപ്പനെ ശപിക്കയും അമ്മയെ അനുഗ്രഹിക്കാതിരിക്കയും ചെയ്യുന്നോരു തലമുറ! തങ്ങൾക്ക് തന്നേ നിർമ്മലരായിത്തോന്നവരും അശുദ്ധി കഴുകിക്കളയാത്തവരുമായോരു തലമുറ! അയ്യോ ഈ തലമുറയുടെ കണ്ണുകൾ എത്ര ഉയർന്നിരിക്കുന്നു." സദൃശവാക്യങ്ങൾ 30 : 11-13

പഴയനിയമത്തിലും ഉണ്ട് ഒരു ധൂർത്തപുത്രൻ. ദാവീദ് രാജാവിന്റെ മകനായ അബ്ശാലോം അപ്പനെതിരായി കൂട്ടുകെട്ട് ഉണ്ടാക്കുകയും അപ്പനെ വധിക്കാൻ സൈന്യത്തെ നിയോഗിക്കുകയും ചെയ്ത ഒരു മുടിയൻ പുത്രനായിരുന്നു. തിരുവചനം പറയുന്നത്: "എല്ലാ യിസ്രായേലിലും സൗന്ദര്യംകൊണ്ട് അബ്ശാലോമിനോളം ശ്ലാഘ്യനായ ഒരുത്തനും ഉണ്ടായിരുന്നില്ല. അടിതൊട്ട് മുടിവരെ അവന് ഒരു ഊനവും ഇല്ലായിരുന്നു. അവൻ തന്റെ തലമുടി ആണ്ടുതോറും കത്രിപ്പിച്ചു കളയും; അത് തനിക്ക് ഭാരമായിരിക്കയാൽ അത്രേ കത്രിപ്പിച്ചത്." 2 ശമുവേൽ 14: 25, 26.00 സൗന്ദര്യത്തിന്റെ മികവാർന്ന ഒരു നിദർശനം ആയിരുന്നു അവന്റെ തലമുടി. എന്നാൽ ആ തലമുടി തന്നെ അവന്റെ നാശത്തിന് മുഖാന്തരമായി. അബ്ശാലോം ഒരു ക്രൂരഹൃദയനായിരുന്നു. തന്റെ
സഹോദരിയായ താമാരിനെ സഹോദരനായ അമ്നോൻ അപമാനിച്ചതുകൊണ്ട് അവന്റെ ഹൃദയത്തിൽ പകയും വിദ്വേഷവും കുമിഞ്ഞുകൂടി. വളരെ തന്ത്രപൂർവ്വം അമ്നോനെയും മറ്റു രാജകുമാരന്മാരേയും ഒരു വിരുന്നിന് ക്ഷണിച്ചു. എല്ലാവരും കൂടെ ആഹ്ളാദിച്ചിരുപ്പോൾ അബ്ശാലോം അമ്നോനെ അടിച്ചുകൊല്ലുവാൻ തന്റെ വേലക്കാരോട് കല്പിച്ചു. ഈ ഭീകരകൃത്യം ചെയ്തതിനുശേഷം അബ്ശാലോം സ്വന്തം പിതാവായ ദാവീദ് രാജാവിനെ വിട്ട് ദൂരെ ഗെശൂരിലേക്ക് ഓടിപ്പോയി മൂന്ന് വർഷം അവിടെ താമസിച്ചു. സ്വന്തം പിതാവിന് എതിരായി മത്സരിപ്പാൻ അബ്ശാലോം ദൃഢനിശ്ചയം ചെയ്തു. അപ്പനെ വധിച്ച് രാജസിംഹാസനത്തിൽ ഇരിക്കാൻ അവൻ പരിപാടിയിട്ടു. രാജാവിന് മകനെ പേടിച്ച് കൊട്ടാരം വിട്ട് ഓടിപ്പോകേണ്ടി വന്നു. അബ്ശാലോമിന്റെ കൂടെ അവന്റെ കുതന്ത്രത്തിനും കുബുദ്ധിക്കും കൂട്ടുകൂടുവാൻ സൈന്യത്തിലെ ബഹുഭൂരിപക്ഷം പേരും തയ്യാറായി. ദേശത്തിന്റെ നാനാഭാഗങ്ങളിൽ സഞ്ചരിച്ച് ദാവീദ് എവിടെയാണ് ഒളിച്ചിരിക്കുതെന്ന് അറിയാൻ ശ്രമിച്ചു. അങ്ങനെ ഒരു ഭീകരമായ പട്ടാളവിപ്ലവം പൊട്ടി പുറപ്പെട്ടു. ദാവീദിന്റെ കൂടെ സൈന്യാധിപനായ യോവാബും കുറെ പടയാളികളും ഉണ്ടായിരുന്നു. അബ്ശാലോമിന്റെ കിങ്കരന്മാരും ദാവീദിന്റെ സേവകരും തമ്മിൽ ഭയങ്കരമായ യുദ്ധം പൊട്ടിപ്പുറപ്പെട്ടു.

അബ്ശാലോം യുദ്ധത്തിൽ തോറ്റ് കോവർ കഴുതപ്പുറത്ത് ഓടിച്ചു പോകുമ്പോൾ ഒരു വലിയ കരുവേലകത്തിന്റെ കീഴെ എത്തി. അബ്ശാലോമിന്റെ തലമുടി കരുവേലകത്തിൽ പിടിപെട്ടിട്ട് അവൻ ആകാശത്തിനും ഭൂമിക്കും മദ്ധ്യേ തൂങ്ങി, കോവർ കഴുത അവന്റെ കീഴെനിന്ന് ഓടിപ്പോയി. യോവാബ് ഇതറിഞ്ഞ് മൂന്ന് കുന്തം കൈയിലെടുത്ത് അബ്ശാലോം കരിവേലകത്തിൻ കീഴിൽ തൂങ്ങിക്കിടക്കുമ്പോൾ തന്നെ അവന്റെ നെഞ്ചിലേക്ക് ആ കുന്തങ്ങൾ കുത്തിക്കടത്തി. യോവാബിന്റെ കൂടെ ഉണ്ടായിരുന്ന പത്ത് പടയാളികൾ അബ്ശാലോമിനെ അടിച്ചു കൊന്നു. വേദപുസ്തകത്തിൽ വ്യക്തമായ പ്രമാണം ഉണ്ട്. "നിനക്ക് നന്മ ഉണ്ടാകുവാനും നീ ഭൂമിയിൽ ദീർഘായുസ്സോടെ ഇരിപ്പാനും നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക എന്നത് വാഗ്ദത്തത്തോടുകൂടിയ ആദ്യ കല്പന ആകുന്നു" എഫെസ്യർ 6 : 1, പുറപ്പാട് 20 : 12 "നിങ്ങൾ ഓരോരുത്തൻ താന്താന്റെ അമ്മയെയും അപ്പനെയും ഭയപ്പെടേണം." ലേവ്യപുസ്തകം 19 – 2 ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോൻ സദൃശവാക്യങ്ങളിൽ എഴുതിയിരിക്കുന്നു. "അപ്പനെ ശപിക്കയും അമ്മയെ അനുഗ്രഹിക്കാതിരിക്കയും ചെയ്യുന്നോരു തലമുറ! തങ്ങൾക്ക് തന്നേ നിർമ്മലരായിത്തോന്നവരും അശുദ്ധി കഴുകിക്കളയാത്തവരുമായോരു തലമുറ! അയ്യോ ഈ തലമുറയുടെ കണ്ണുകൾ എത്ര ഉയർന്നിരിക്കുന്നു." സദൃശവാക്യങ്ങൾ 30 : 11-13